പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 5768

05.07.2013 ൽ മറുപടിക്ക്

**ഹോട്ടൽ ഭക്ഷണ സാധനങ്ങളുടെ വില ഏകീകരണം**

| **ചോദ്യം** | **ഉത്തരം** |
|---|---|
| ശ്രീ മുല്ലക്കര രത്നാകരൻ; | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പു മന്ത്രി) |
| (എ) ഹോട്ടലുകളിൽ ഒരേ സാധനത്തിന് പല വിലകൾ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; |
| (ബി) ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് വിലയിൽ ഏകീകരണം ഉണ്ടാക്കുന്നതിനും വിലവിവരപ്പട്ടിക കൃത്യമായി പ്രസിദ്ധീകരിക്കുന്നതിനും കർശന നിർദ്ദേശം നൽകുമോ? | (ബി) ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണ സാധനങ്ങളുടെ വില നിശ്ചയിക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഉള്ള അധികാരം വകുപ്പിനില്ല. എന്നാൽ 1977 ലെ കേരളാ ഫുഡ് സ്റ്റഫ് (ഡിസ്പ്ലേ ഓഫ് പ്രൈസസ് ബൈ കാറ്ററിംഗ് എസ്റ്റാബ്ലിഷ്മെന്റ്) ഓർഡർ പ്രകാരം ഹോട്ടലുകളിൽ വിൽക്കപ്പെടുന്ന ഭക്ഷണസാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കേണ്ടത് നിർബന്ധമാക്കിയിട്ടുണ്ട്. ഹോട്ടലുകളിലെ നിലവാരവും സൗകര്യവും അനുസരിച്ച് ഹോട്ടലുകളെ തരംതിരിച്ച് ഭക്ഷണത്തിന്റെ വില നിയന്ത്രിക്കുന്നതിനും ഏകീകരിക്കുന്നതിനുമായി ഒരു നിയമ നിർമ്മാണം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ